കില
വാർത്താപത്രിക

VOLUME-11
ISSUE-9
SEPTEMBER 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയായി ചുമതലയേറ്റശേഷം ആദ്യമായി കിലയിലെത്തിയ മന്ത്രി **എ.സി. മൊയ്തീൻ** കില ഫാക്കൽറ്റി അംഗങ്ങളുമായി ആശയവിനിമയം നടത്തുന്നു

ദുരിതം നേരിടാൻ സർക്കാരും ജനങ്ങളും ഒന്നിച്ചു: മന്ത്രി എ.സി. മൊയ്തീൻ

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാരും നാട്ടുകാരും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ. സമയം നോക്കാതെയാണ് ഉദ്യോഗസ്ഥർ ജോലി ചെയ്തത്. വകുപ്പുമന്ത്രിയായി ചുമതലയേറ്റശേഷം ആദ്യമായി കിലയിലെത്തിയ മന്ത്രി കില ജീവനക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവർക്കു മാത്രമല്ല നഷ്ടമുണ്ടായത്. സംസ്ഥാനത്തിന്റെ കാർഷിക മേഖല പ്രതിസന്ധിയിലായി. ചെറുകിട വ്യവസായം, കമ്പോളം, ടൂറിസം മേഖലകളെല്ലാം ദുരിതത്തിന്റെ പിടിയിലായി. സാമൂഹ്യസാമ്പത്തികരംഗത്തെ തകർച്ച നേരിടാൻ മറ്റാരേക്കാളും മുൻപന്തിയിൽ നിൽക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ജനങ്ങളുമായി അടുത്ത ബന്ധമുള്ളത് അവർക്കാണ്. പ്രാദേശികസർക്കാരുകളെ സഹായിക്കുന്നതിനു കില വഹിച്ച പങ്ക് പ്രശംസനീയമാണ്. ദുരിതം നേരിടാൻ സർക്കാരും ജനങ്ങളും ഒന്നിച്ചു ചേർന്നതു പുതിയൊരു അനുഭവമായിരുന്നു. ദുരിതം വരാത്ത ലോകത്തിനു വേണ്ടി നിലകൊള്ളാനാകട്ടെ ഇനിയുള്ള ശ്രമം. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ മന്ത്രിയെ സ്വാഗതം ചെയ്തു.

ആന്ധ്രാപ്രദേശിലെ രാജമുന്ദ്രിയിലെ കേരളസമാജം സെക്രട്ടറി ജോൺസൺ ചാലിശ്ശേരിയും സംഘവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു 1.50 ലക്ഷം രൂപയുടെ ചെക്ക് ചടങ്ങിൽ മന്ത്രിക്കു കൈമാറി. സെന്റ് ജോൺസ് സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും സമാഹരിച്ച 50,000/- രൂപയുടെ ഡ്രാഫ്റ്റും ചടങ്ങിൽ മന്ത്രിക്കു നൽകി.

നേരത്തെ കില ഫാക്കൽറ്റി അംഗങ്ങളുമായും മന്ത്രി ആശയവിനിമയം നടത്തി. കിലയുടെ വിവിധ മേഖലാകേന്ദ്രങ്ങളിലെ ഫാക്കറ്റി അംഗങ്ങളും റീജിണൽ ഡയറക്ടർ വനജകുമാരി, ഡെപ്യൂട്ടി ഡയറക്ടർ പി.ബി.ഉഷ, അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ്, ഫിനാൻസ് ഓഫീസർ ആർ.ഗിരിജാദേവി എന്നിവരും സംബന്ധിച്ചു.

ഗ്രീൻ പ്രൊട്ടോക്കോൾ കർശനമായി പാലിക്കണം

സർക്കാർ സംഘടിപ്പിക്കുന്ന പൊതുപരിപാടികളിൽ ഗ്രീൻപ്രൊട്ടോക്കോൾ പാലിക്കണമെന്ന് വീണ്ടും ഉത്തരവായി. മന്ത്രമാർ, എം.പിമാർ, എം.എൽ.മാർ, ജനപ്രതിനിധികൾ എന്നിവർ പങ്കടുക്കുന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവ ഗ്രീൻ പ്രൊട്ടോക്കോൾ പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കാവൂ. ഇത്തരം പരിപാടികളിൽ പ്ലാസ്റ്റിക്ക് കുപ്പിവെള്ളം, ഡിസ്പോസിബിൾ വസ്തുക്കളിലുള്ള ആഹാര-പാനീയ വിതരണം, ഫ്ളക്സ്, പ്ലാസ്റ്റിക്കിലും തെർമോകോളിലുമുള്ള അലങ്കാരങ്ങൾ എന്നിവ കർശനമായും ഒഴിവാക്കി പ്രകൃതി സൗഹൃദവസ്തുക്കൾ മാത്രം ഉപയോഗിക്കേണ്ടതാണെന്നു നിർദ്ദേശിച്ച് 4.9.2018 ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

വെള്ളപ്പൊക്ക കെടുതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലകൾ

വെള്ളപ്പൊക്ക കെടുതിയുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനു നേതൃത്വം നൽകിയ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇനി ഏറ്റെടുക്കേണ്ടതു പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളാണ്. എന്നാൽ അതിനുമുമ്പ്, ചെയ്യേണ്ട പ്രവർത്തനങ്ങളെല്ലാം മററു വകുപ്പുകളുമായി ഏകോപിപ്പിച്ചു മുന്നോട്ടു നീക്കേണ്ടതു തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും ചുമതലയാണ്. അക്കാര്യങ്ങളിൽ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വാർഡ് മെമ്പർമാരും മൊത്തം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരും മറ്റു ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചുമതലപ്പെട്ടവരാണ്. ഇതിനനുസൃതമായി ജീവനക്കാരേയും സന്നദ്ധപ്രവർത്തകരേയും കൂട്ടിയിണക്കി ചുമതലകൾ നൽകി പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കേണ്ടതാണ്.

- വെള്ളമിറങ്ങുന്ന സമയത്തും വീടുകളിലേക്കു തിരിച്ചു ചെല്ലുമ്പോഴും ശ്രദ്ധിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നു ഉറപ്പാക്കണം.
- പൊതുസ്ഥലത്ത് വെള്ളം ഇറങ്ങുന്നതിനും ചെളി നീക്കം ചെയ്യുന്നതിനുമുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അതിനനുസൃതമായ അനുബന്ധ പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ ഉത്തരവാദിത്വമായി ഏറ്റെടുക്കണം.
- ഇത്തരം പ്രവർത്തനങ്ങൾ തൊഴിലുറപ്പു പ്രവർത്തകരുടെ സഹായത്തോടെ ഏറ്റെടുത്ത് നടത്തേണ്ടതാണ്. അതിനനുസരിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തയ്യാറെടുക്കണം.
- സർക്കാർ നിർദ്ദേശമനുസരിച്ച് ഓരോ വാർഡിലും രൂപീകരിക്കപ്പെടുന്ന വാർഡുസമതിയെ നയിക്കുന്ന ചുമതല അതതു വാർഡുമെമ്പർമാർക്കായിരിക്കും.
- ഓരോ പ്രദേശത്തേയും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്ഥലങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശസ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- ക്യാമ്പുകളിലെ ഭക്ഷ്യാവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും സംസ്കരിക്കുന്നതിനാവശ്യമായ ചുമതല തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കണം. പ്ലാസ്റ്റിക്ക് മാലിന്യം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്നു ഉറപ്പുവരുത്തുക.
- കുടിവെള്ളവും, ശുചിത്വവുമായി ബന്ധപ്പെട്ട പൊതു കിണറുകളും മറ്റു ജലസ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്യുന്നതിലേക്കു ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ച് നടപടികൾ സ്വീകരിക്കണം.
- ഓരോ വീട്ടിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനും സന്നദ്ധപ്രവർത്തകരെ നിയമിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. ശുചിത്വവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തണം.
- പൊതുശൗചാലയങ്ങളും പൊതു ഇടങ്ങളും അണുവിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു തദ്ദേശഭരണസ്ഥാപനങ്ങളാണ്.
- കന്നുകാലികൾ തൊഴുത്തിലേക്കു തിരിച്ചെത്തുമ്പോൾ അവയുടെ ആരോഗ്യം, ഭക്ഷണം, തൊഴുത്തുകളുടെ ശുചിത്വം, ചാണകക്കുഴികൾ വൃത്തിയാക്കൽ (വളർത്തുമൃഗങ്ങളുടെ രോഗപകർച്ചയും അവയുമായുള്ള മനുഷ്യരുടെ ഇടപെടൽ അടക്കം) എന്നീ കാര്യങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്നു വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ ഉറപ്പാക്കേണ്ടതാണ്. പക്ഷി-മൃഗാദികളുടെ ജഡങ്ങൾ സംസ്കരിക്കുന്നതിനു വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ സുരക്ഷിതമായ നടപടികൾ സ്വീകരിക്കണം.
- ആവശ്യാനുസരണം പ്രതിരോധകുത്തിവയ്പ് (ടി.ടി), ഡോക്സിസൈക്ലിൻ, ഒ.ആർ.എസ് ലായിനി തുടങ്ങിയവയുടെ സ്റ്റോക്കും വിതരണവും ആരോഗ്യവകുപ്പുമായി ചേർന്നു നടത്തേണ്ടതാണ്.
- പാമ്പുകടിക്കുള്ള മരുന്നുകൾ, ജന്തുജന്യമായ രോഗങ്ങൾക്കുള്ള മരുന്നുകൾ, കൊതുകുനിവാരണത്തിനാവശ്യമായ സജ്ജീകരണങ്ങൾ, എന്നിവ ലഭ്യമാണെന്നു ഉറവരുത്തുകയും ഈച്ച, കൊതുകു നിവാരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.
- വൈദ്യുതി ആഘാതം ഉണ്ടാകാതിരിക്കാൻ വൈദ്യുതി ലൈനുകളും ട്രാൻസ്ഫോർമറുകളും സുരക്ഷിതമാണെന്നു കെ.എസ്.ഇ.ബി യുടെ സഹായത്തോടെ തദ്ദേശസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.
- വീടുകളിലേക്കു തിരിച്ചുപോയവർക്കു കുടിവെള്ളവും ഭക്ഷണവും ലഭ്യമല്ലാത്തപക്ഷം ലഭ്യമാക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങൾക്കു നേതൃത്വം നൽകേണ്ടതാണ്. ഇവ സംബന്ധിച്ച കൃത്യമായ കണക്കും പരിപാടികളും തയ്യാറാക്കി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

ജലരക്ഷ ജീവരക്ഷ: ബ്ലൂ ആർമിയുടെ പ്രവർത്തനം ഇനി ഹയർസെക്കണ്ടറി-കോളേജ് തലത്തിലേക്ക്

തൃശ്ശൂർ ജില്ല ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ജലരക്ഷ ജീവരക്ഷ പദ്ധതിയുടെ ഭാഗമായുള്ള ബ്ലൂ ആർമിയുടെ പ്രവർത്തനം ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി അധ്യാപകർക്കുവേണ്ടി കിലയിൽ സംഘടിപ്പിച്ച പരിശീലക പരിശീലനം ജില്ല പഞ്ചായത്ത് വികസനസമിതി ചെയർപേഴ്സൺ ജെന്നി ജോസഫ് ഉദ്ഘാടനം ചെയ്തു. കോളേജിയേറ്റ് എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ.കെ.കെ.സുമ അദ്ധ്യക്ഷയായിരുന്നു. കോഴ്സ് കോർഡിനേറ്റർ എം.രേണുകുമാർ സംസാരിച്ചു. കിലയും ജില്ലാ ആസൂത്രണസമിതിയും സംയുക്തമായാണ് പരിശീലനം സംഘടിപ്പിച്ചത്. ജില്ല മണ്ണു സംരക്ഷണ ഓഫീസർ പി.ഡി. സിന്ധു പദ്ധതി വിശദീകരിച്ചു. ജല ഓഡിറ്റിങ്ങിനെക്കുറിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിലെ കെ.എം.ഗോപാലനും പദ്ധതിയുടെ അനുബന്ധപ്രവർത്തനങ്ങളെ സംബന്ധിച്ച് വികെ.ശ്രീധരനും സംസാരിച്ചു. 150 അധ്യാപകരാണ് പരിശീലനത്തിൽ പങ്കെടുത്തത്. സമഗ്രമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ കാർഷികാവശ്യത്തിനും കുടിവെള്ളത്തിനുമുള്ള ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനു വിഭാവനം ചെയ്യുന്ന സംയോജിത പദ്ധതിയാണ് ജലരക്ഷ ജീവരക്ഷ. ജലസംരക്ഷണവും ജലവിനിയോഗവും സംബന്ധിച്ച ജലസാക്ഷരത വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേക്കെത്തിക്കുകയാണ് ബ്ലൂ ആർമിയുടെ ലക്ഷ്യം. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മുഴുവൻ സ്കൂളുകളിലും ബ്ലൂ ആർമി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയായി ചുമതലയേറ്റശേഷം ആദ്യമായി കിലയിലെത്തിയ മന്ത്രി എ.സി. മൊയ്തീൻ കില ജീവനക്കാരെ അഭിസംബോധന ചെയ്യുന്നു

പ്രളയാനന്തര പ്രവർത്തനങ്ങളിൽ കില നാടൊരുക്കാം നാളേക്കായ്– വിജ്ഞാനവ്യാപനത്തിനു വീഡിയോ

പ്രളയാനന്തരമുള്ള പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചു കിലയും ആരോഗ്യവകുപ്പും സംയുക്തമായി തയ്യാറാക്കിയ വീഡിയോയാണ് നാടൊരുക്കാം നാളേക്കായ്. പ്രളയത്തിനുശേഷമുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മാലിന്യസംസ്കരണം, ശുചിത്വ നടപടികൾ എന്നിവയെസംബന്ധിച്ചുള്ള മുൻകരുതലുകളെക്കുറിച്ചും ആരോഗ്യവകുപ്പുമന്ത്രി കെ.കെ.ശൈലജ, തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ എന്നിവരുടെ പ്രതികരണത്തോടെയാണ് വീഡിയോ ആരംഭിക്കുന്നത്.

പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, നാടും നഗരവും വൃത്തിയാക്കൽ, പുനരധിവാസത്തിനുള്ള സഹായസംവിധാനങ്ങൾ, തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലന വീഡിയോയാണിത്. സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, കർമ്മസേനാപ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങളെ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ടതെങ്ങനെയെന്ന് വീഡിയോ വിശദീകരിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും പങ്കിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. വീടുകളിലേക്കു തിരിച്ചു ചെല്ലുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ, കിണർ സൂപ്പർ ക്ലോറിനേഷൻ ചെയ്യുന്നതെങ്ങനെ, ജലജന്യരോഗങ്ങൾ തടയാനുള്ള നടപടികൾ, പാമ്പുകടിയേറ്റാൽ സ്വീകരിക്കേണ്ട പ്രഥമ ശുശ്രൂഷകൾ, വൈദ്യുതാഘാതമേറ്റാൽ സ്വീകരിക്കേണ്ട കാര്യങ്ങൾ, വീടും പരിസരവും വൃത്തിയാക്കൽ, പക്ഷി-മൃഗാദികളുടെ ജഡങ്ങൾ സംസ്കരിക്കൽ, കന്നുകാലികളുടേയും വളർത്തുമൃഗങ്ങളുടേയും പരിപാലനം, മഞ്ഞപ്പിത്തം, കോളറ, വയറിളക്കം, ടൈഫോയ്ഡ് എന്നിവ തടയുന്നതിനുള്ള പ്രതിരോധ നടപടികൾ, വായുജന്യ- ത്വക്ക് രോഗങ്ങൾ തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളെക്കുറിച്ചു വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയവർ വിവരിക്കുന്നുണ്ട്.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, പൊതുജനാരോഗ്യവകുപ്പു അഡീഷ്ണൽ ഡയറക്ടർ ഡോ.കെ.ജെ.റീന, യു.എൻ ദുരന്തനിവാരണവിഭാഗം വിദഗ്ദ്ധൻ മുരളി തുമ്മാരകുടി, ശുചിത്വമിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ.അജയ് വർമ്മ, എന്റമോളജി അസി.ഡയറക്ടർ ഡോ.ദിലീപ്, വെക്ടർ കൺട്രോൾ യൂണിറ്റ് സീനിയർ ബയോളജിസ്റ്റ് സന്തോഷ്, കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ തുടങ്ങിയവരാണ് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയത്. കില വെബ്സൈറ്റിലും യൂട്യൂബിലും ഈ വീഡിയോ ലഭ്യമാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു ആന്ധ്രാപ്രദേശിലെ രാജമുന്ദ്രിയിലെ **കേരളസമാജം** സെക്രട്ടറി **ജോൺസൺ ചാലിശ്ശേരി**യും സംഘവും 1.50 ലക്ഷം രൂപയുടെ ചെക്ക് കിലയിൽ നടന്ന ചടങ്ങിൽ മന്ത്രി **എ.സി. മൊയ്തീനു** കൈമാറുന്നു

കിലയിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിയ ആലത്തൂർ എം.പി. **ഡോ.പി.കെ ബിജു**

കിലയിൽ ദുരിതാശ്വാസക്യാമ്പ്;
ശുചീകരണ പ്രവർത്തനങ്ങളിൽ കില ജീവനക്കാരും

കിലയുടെ സമീപ പ്രദേശമായ കുറാഞ്ചേരിയിലുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ജീവഹാനിയും വ്യാപകമായ നാശനഷ്ടങ്ങളുമുണ്ടായി. ഉരുൾപൊട്ടലിനുശേഷവും അതിവർഷം തുടർന്നതിനാൽ സമീപ പ്രദേശങ്ങളിലുള്ളവരെ സുരക്ഷിതസ്ഥാനങ്ങളിലേക്കു മാറ്റി പാർപ്പിക്കേണ്ടതു അനിവാര്യമായി. കിലയിൽ ദുരിതാശ്വാസക്യാമ്പ് സജ്ജമാക്കണമെന്ന ജില്ലാകലക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 17.8.2018 രാവിലെ തന്നെ കിലയിൽ ക്യാമ്പുതുടങ്ങി. കില ക്യാമ്പിൽ 60 കുടുംബങ്ങളിൽനിന്ന് 201 പേരാണ് എത്തിച്ചേർന്നത്. ഇവരിൽ 110 സ്ത്രീകളും 91 പുരുഷന്മാരുമായിരുന്നു. പത്തുവയസ്സിനു താഴെയുള്ള 23 പേരും 61 വയസ്സിനു മുകളിലുള്ളവർ 21 പേരുമുണ്ടായിരുന്നു. ഗർഭിണി

കൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പരിചരണം ആവശ്യമായിരുന്ന വയോജനങ്ങൾക്കും പ്രത്യേക മുറികൾ അനുവദിച്ചുനൽകി. ശേഷിച്ചവക്കുവേണ്ടി സ്ത്രീകൾക്കു ഗ്രാമസ്വരാജ് ഹാളും പുരുഷന്മാർക്കു ഗ്രാമസഭ ഹാളും ക്യാമ്പായി പ്രവർത്തിച്ചു. ആഗസ്റ്റ് 20 നു വൈകീട്ട് ക്യാമ്പ് അവസാനിച്ചു.. ക്യാമ്പിലുണ്ടായിരുന്ന എല്ലാവർക്കും നിത്യോപയോഗസാധനങ്ങളടങ്ങുന്ന കിറ്റും നൽകുകയുണ്ടായി. ആലത്തൂർ എം.പി. ഡോ.പി.കെ ബിജു, വടക്കാഞ്ചേരി എം.എൽ.എ അനിൽ അക്കര, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ബിജു വർഗീസ്, മുളംകു

ശുചീകരണപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന
കൊട്ടാരക്കര മേഖലാകേന്ദ്രത്തിലെ കില ജീവനക്കാർ

ന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി, എന്നിവർ ക്യാമ്പു സന്ദർശിച്ചു.

പ്രളയാനന്തര പ്രശ്നങ്ങൾ അതിരൂക്ഷമായി ബാധിച്ച തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴ പ്രദേശത്തെ (വല്ലച്ചിറ ഗ്രാമപഞ്ചായത്ത്) ശുചീകരണപ്രവർത്തനങ്ങളിൽ കിലയിൽനിന്നുള്ള പതിനേഴംഗ സംഘം പങ്കെടുത്തു. ഉത്രാടനാളിലും ഗ്രാമപഞ്ചായത്തിന്റെ മറ്റു വാർഡുകളിലെ ശുചീകരണത്തിനും കിലയിൽനിന്നുള്ളവർ പങ്കാളികളായി. തോളൂർ ഗ്രാമപഞ്ചായത്തിലെ മുള്ളൂർ, ഐനിക്കാട് പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ കില ജീവനക്കാർ അണിചേർന്നു. കില അസി.ഡയറക്ടർ മാത്യു ആൻഡ്രൂസ് ശുചീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

കില കൊട്ടാരക്കര മേഖല കേന്ദ്രത്തിലെ ജീവനക്കാർ ആലപ്പുഴ ജില്ലയിലെ ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ വീടു

കളാണ് വൃത്തിയാക്കിയത്. രണ്ടു സംഘങ്ങളായി തിരിഞ്ഞാണ് കൊട്ടാരക്കര ടീം പ്രവർത്തിച്ചത്. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലും കൊട്ടാരക്കര ടീം ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളികളായി. താൻ പഠിച്ച തിരുവല്ല പെരിങ്ങര ഗവൺമെൻറ് ഹൈസ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിലാണ് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ പങ്കെടുത്തത്.

ദുരിതാശ്വാസ ക്യാമ്പിലെത്തിയവർക്കു കില ഡയറക്ടർ നിർദ്ദേശങ്ങൾ നൽകുന്നു

തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടി കില മാർഗ്ഗനിർദ്ദേശങ്ങളും ചെക്ക്‌ലിസ്റ്റും തയ്യാറാക്കി

പ്രളയ ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ഓരോ തദ്ദേശഭരണസ്ഥാപന അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ജനപ്രതിനിധികളും ഓരോ ദിവസവും ചെയ്യേണ്ട അടിയന്തിരമായ കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നതിനും സ്വയം വിലയിരുത്തി അർപ്പണ മനോഭാവത്തോടെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങളും ചെക്ക് ലിസ്റ്റും തയ്യാറാക്കി കില നൽകി.

തദ്ദേശസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ, ജനപ്രതിനിധികൾ എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ ഇനം തിരിച്ചാണ് നൽകിയിട്ടുള്ളത്. എല്ലാ വാർഡുകളിലും വാർഡുതല സമിതികൾ രൂപീകരിച്ച് സന്നദ്ധപ്രവർത്തകരെ സജ്ജമാക്കി വളണ്ടിയർ സ്ക്വാഡ് രൂപീകരിച്ച് എല്ലാ വകുപ്പുകളേയും ഏകോപിപ്പിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് ഓരോരുത്തരുടേയും വീടുകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി ശുചീകരണവും, ഉപകരണങ്ങളുടേയും ഭക്ഷ്യലഭ്യതയുടേയും കാരണങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുകയുമാണ് ചെയ്യേണ്ടത്.

മാലിന്യസം സ്കരണം, കുടിവെള്ളവും ഭക്ഷണവും ലഭ്യമാക്കൽ, വീടുകളുടേയും കെട്ടിടങ്ങളുടേയും അവസ്ഥ പരിശോധിക്കൽ, വൈദ്യുതിബന്ധം, കന്നുകാലികളുടെ അവസ്ഥ, രോഗ പ്രതിരോധ സംവിധാനങ്ങൾ, ജന്തുസംരക്ഷണം, ജലജന്യരോഗപ്രതിരോധം, ഭക്ഷ്യവിഷബാധ തടയൽ, കൊതുകുജന്യ രോഗനിവാരണം, രോഗികളുടേയും അഗതികളുടേയും പരിചരണം, ബോധവൽക്കരണം, കുട്ടികളുടേയും സ്ത്രീകളുടേയും അവസ്ഥകൾ, നിയമപരമായ ഇടപെടലുകൾ എന്നീ വിഷയങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടുള്ള ചെക്ക് ലിസ്റ്റ് നോക്കി പ്രവർത്തിച്ചാൽ പ്രളയാനന്തര ദുരിതം ലഘൂകരിക്കാൻ സഹായിക്കും.

ശുചിത്വക്യാമ്പയിൻ: കിലയുടേയും ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ ട്രിനിംഗ് പ്രോഗ്രാം

പ്രളയബാധിതമല്ലാത്ത പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ ക്യാമ്പയിനുകളിൽ പങ്കാളികളാകാൻ സ്വമേധയ മുന്നോട്ടുവരുന്ന സാഹചര്യത്തിൽ അവയെ ഏകോപിപ്പിച്ച് ക്യാമ്പയിനുകളിൽ പങ്കാളികളാക്കാൻ കിലയും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും ചേർന്നു ട്രിനിംഗ് പ്രോഗ്രാം ആരംഭിച്ചു. വളരെയധികം പ്രശ്നങ്ങൾ ബാധിച്ചിട്ടില്ലാത്ത തിരുവനന്തപുരം, കൊല്ലം, കാസർകോട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കു ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. തൃശ്ശൂർ, കോട്ടയം, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകൾ പ്രളയബാധിതമാണെങ്കിലും ചില പഞ്ചായത്തുകളിൽ മാത്രമേ ഇതിന്റെ രൂക്ഷതയുള്ളൂ. ആ ജില്ലകളിൽ പ്രശ്നബാധിതമല്ലാത്ത പഞ്ചായത്തുകൾ ജില്ലയിലെ പ്രശ്നബാധിതമായ മററു പഞ്ചായത്തുകളെ സഹായിക്കുന്നതിനു മുൻഗണന നൽകും.

പ്രശ്നബാധിത പ്രദേശത്തുപോയി സേവനം ചെയ്യാൻ താൽപര്യമുള്ള സന്നദ്ധപ്രവർത്തകരെ സംഘടിപ്പിച്ചു വൃത്തിയാക്കലിനും വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും പരിസരം അണുവിമുക്തമാക്കുന്നതിനുമുള്ള യന്ത്ര ഉപകരണങ്ങൾ ശേഖരിച്ചു ടീമുകൾ രൂപീകരിച്ചാണ് പ്രവർത്തനം. എത്ര ബാച്ചുകൾ പോകണമെന്നും എപ്പോഴൊക്കെ പൊകുമെന്നും പോകുന്ന ബച്ചുകൾ എത്ര ദിവസം അവിടെ നിൽക്കണമെന്നും തീരുമാനിച്ച് കലണ്ടർ തയ്യാറാക്കും. ടീമംഗങ്ങൾ ആശുപത്രിയുമായി ബന്ധപ്പെട്ട് ടെറ്റിനസ് ടോക്സോയിഡ് പ്രതിരോധ കുത്തിവയ്പ്പ് എടുക്കണം. പ്രഥമ ശുശ്രൂഷയ്ക്കുള്ള മരുന്നും കുടിവെള്ളവും ഉറപ്പുവരുത്തണം. ഇതു സംബന്ധിച്ച് കിലയും ആരോഗ്യവകുപ്പും ചേർന്ന് തയ്യാറാക്കിയ പ്രത്യേക വീഡിയോ തയ്യാറാക്കിയിട്ടുണ്ടെന്നും കില വെബ്സൈറ്റിൽ അതു ലഭ്യമാണെന്നും കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അറിയിച്ചു. സംഘാടനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിലും കില-ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ടീം ഏകോപന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇതിനുശേഷമുള്ള പ്രവർത്തനങ്ങളെക്കറിച്ചും ആലോചിച്ചുവരികയാണെന്നു കില ഡയറക്ടർ പറഞ്ഞു.

ചോദ്യങ്ങൾക്കു മറുപടി

? പൊതുമരാമത്തു പ്രവൃത്തികൾക്കു തദ്ദേശഭണസ്ഥാപനങ്ങൾ നേരിട്ട് എത്ര തുകയ്ക്കുവരെ ടാർ വാങ്ങി നൽകാം?

● പൊതുമരാമത്തു പ്രവൃത്തികൾ റോഡുപണികൾ നടത്തുന്നതിനു ആവശ്യമായ അത്രയും ടാർ, അടങ്കൽ പരിധി ഇല്ലാതെ വാങ്ങി നൽകാൻ അനുവദിച്ചിട്ടുണ്ട്. (സ.ഉ.(സാധാ)677/2018.തസ്വഭവ. തീയതി.13.3.2018)

? വിവിധ ആവശ്യങ്ങൾക്കു റവന്യു അധികാരികളിൽനിന്നു വാങ്ങുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഉപയോഗകാലയളവു എത്രയാണ്?

● വിവിധ ആവശ്യങ്ങൾക്കു റവന്യു അധികാരികളിൽനിന്നു വാങ്ങുന്ന ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവു മൂന്നു വർഷമാക്കിയിട്ടുണ്ട്. (സ.ഉ.(സാധാ)264/2017 ആർ.ഡി. തീയതി. 4.8.2017. കില പ്രസിദ്ധീകരിച്ച പ്രാദേശികഭരണം 26-ാം വാല്യം കാണുക)

? വിവാഹം രജിസ്റ്റർ ചെയ്യാൻ ജാതി/മത സർട്ടിഫിക്കറ്റുകൾ, വിവാഹം കഴിക്കുമ്പോൾ താലി കെട്ടുന്ന ഫോട്ടോ തുടങ്ങിയവ ആവശ്യപ്പെടുന്നു. ഈ രേഖകൾ നൽകേണ്ടതുണ്ടോ?

● വിവാഹ രജിസ്ട്രേഷൻ സമയത്തു ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് ചീഫ് രജിസ്ട്രാർ ഒരു ചെക്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 10.5.2017 ൽ ബി.115343/17 നമ്പറായി പ്രസിദ്ധീകരിച്ച സർക്കുലറിൽ പറയുന്ന രേഖകളല്ലാതെ മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല. ആവശ്യമില്ലാത്ത രേഖകൾ അനാവശ്യമായി ആവശ്യപ്പെട്ട് വിവാഹ രജിസ്ട്രേഷൻ വൈകിപ്പിക്കരുതെന്നു ചീഫ് രജിസ്ട്രാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (സർക്കുലർ നമ്പർ ബി.1/21102/17 ചീഫ് രജിസ്ട്രാർ (ജനനമരണം) 4.8.2017 . കില പ്രസിദ്ധീകരിച്ച പ്രാദേശികഭരണം വാല്യം 24 കാണുക)

? ഗ്രന്ഥശാലകളുടെ കെട്ടിടനിർമ്മാണം, മെയിന്റനൻസ് എന്നിവയ്ക്കു തദ്ദേശസ്ഥാപനത്തിൽനിന്ന് തുക അനുവദിക്കാമോ? അപ്രകാരം ചെയ്യുന്നതിനു ഗ്രന്ഥശാലകൾ തദ്ദേശസ്ഥാപനത്തിനു വിട്ടുനൽകണമെന്ന വ്യവസ്ഥയുണ്ടോ?

● ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രന്ഥശാലകളുടെ പുനർനിർമ്മാണം, മെയിന്റൻസ് എന്നിവയ്ക്കു തുക അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം ചെയ്യുമ്പോൾ ഗ്രന്ഥശാലകൾ തദ്ദേശസ്ഥാപനത്തിനു വിട്ടുനൽകണമെന്ന വ്യവസ്ഥയില്ല. എന്നാൽ പുനർനിർമ്മാണം, മെയിന്റനൻസ് എന്നിവ ചെയ്യാൻ തദ്ദേശസ്ഥാപനത്തിനു അനുമതി നൽകിക്കൊണ്ട് ഗ്രന്ഥശാല അധികൃതർ തദ്ദേശസ്ഥാപനവുമായി കരാറിൽ ഏർപ്പെടണം. (സർക്കുലർ നമ്പർ ഡി.എ.1/602/18. തസ്വഭവ. 6.9.18)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

? മഹാപ്രളയത്തിൽ പെട്ട് ഉരുൾപൊട്ടലുണ്ടായ സ്ഥലത്ത് വീടുകൾ നിർമ്മിക്കാൻ അനുവദിക്കാമോ?

● പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതുസംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ സർക്കാർ നിർദ്ദേശിക്കുന്നതുവരെ സംസ്ഥാനത്ത് ഉരുൾപൊട്ടലുണ്ടായതും ഉരുൾപൊട്ടാൻ സാദ്ധ്യതയുള്ളതുമായ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനം നടത്താൻ അനുമതി നൽകാൻ പാടുള്ളതല്ല. (സർക്കുലർ നമ്പർ ഡി.ബി.1/521/18 തസ്വഭവ.30.8.2018)

? പ്രളയക്കെടുതിയിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിനു പഞ്ചായത്തിൽനിന്നു തുക അനുവദിക്കാമോ?

● പ്രളയക്കെടുതിയോടനുബന്ധിച്ച് പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വെള്ളം കയറിയ വീടുകൾ, മുറ്റം, കിണർ എന്നിവ വൃത്തിയാക്കുന്നതിനും ടോയ്‌ലററ് ഉപയോഗയോഗ്യമാക്കുന്നതിനും വൈദ്യുതി ഉപകരണങ്ങൾ നന്നാക്കുന്നതിനും ആവശ്യം വേണ്ട ഉപകരണങ്ങളോ സാധനങ്ങളോ വാങ്ങുന്നതിനും വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ തനതുഫണ്ടിൽനിന്നോ തനതുഫണ്ട് ഇല്ലെങ്കിൽ പ്ലാൻ ഫണ്ടിൽനിന്നോ ഒറ്റത്തവണ മാത്രം ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. (സ.ഉ.(സാധാ).2314/2018/തസ്വഭവ.23.8.2018)

? പ്രളയദുരിതാശ്വാസത്തിനു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു പഞ്ചായത്തിൽനിന്ന് സംഭാവന നൽകാൻ സർക്കാർ അനുമതി ആവശ്യമില്ലേ?

● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു തദ്ദേശഭരണസ്ഥാപനത്തിന്റെ തനതുഫണ്ടിൽനിന്ന് സംഭാവന നൽകാൻ സർക്കാർ അനുമതി ആവശ്യമില്ല. (സ.ഉ.(സാധാ)2310/18.തസ്വഭവ 23.8.18 ഉത്തരവ് കാണുക

? കോക്ലിയർ ഇംപ്ലാന്റേഷനുശേഷം കേൾവിസഹായികളും മറ്റും നൽകുമ്പോൾ വരുമാനപരിധി നോക്കേണ്ടതില്ലേ?

● വരുമാനപരിധി നോക്കണം.പൊതുവിഭാഗത്തിനു രണ്ടുലക്ഷം രൂപയും എസ്.സി വിഭാഗത്തിനു മൂന്നുലക്ഷം രൂപയുമെന്ന സബ്സിഡി മാർഗ്ഗരേഖയിലെ വാർഷിക കുടുംബ വരുമാനപരിധി ബാധകമാണ്.(സർക്കുലർ നമ്പർ ഡി.എ.1/627/2018 തസ്വഭവ 1.9.2018)

ജനപ്രതിനിധികളുടെ പി.ജി. ഡിപ്ലോമ കോഴ്സ് പൂർത്തിയായി

ബാലസൗഹൃദ ഭരണത്തെക്കുറിച്ച് ജനപ്രതിനിധികൾക്കു കില നടത്തിയ പി.ജി.ഡിപ്ലോമ കോഴ്സിന്റെ ആദ്യബാച്ച് പരിശീലനം പൂർത്തിയാക്കി. കിലയിൽ സംഘടിപ്പിച്ച പ്രത്യേക ചടങ്ങിൽ വിജയികൾക്കു കില ഡയറക്ടർ ഡോ.ജോയ് ഇളമൺ സർട്ടിഫിക്കററുകൾ വിതരണം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഈ വർഷവും പുതിയ ഒരു ബാച്ച് കൂടി ആരംഭിക്കുമെന്നു ഡയറക്ടർ അറിയിച്ചു. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചും അതു ഭരണതലത്തിൽ പ്രയോഗിക്കുന്നതിനെക്കുറിച്ചുള്ള അറിവും നൈപുണ്യവും മാനേജ്മെന്റ് രീതികളും പ്രദാനം ചെയ്യുകയായിരുന്നു കോഴ്സിന്റെ ലക്ഷ്യം. ഇതിനായി തദ്ദേശസ്ഥാപനങ്ങളിലെ ബിരുദധാരികളായ ജനപ്രതിനിധികളെ അപേക്ഷ ക്ഷണിച്ചാണ് കോഴ്സിൽ ഉൾപ്പെടുത്തിയത്. രണ്ടു സെമസ്റ്ററുകളിലായി ഒമ്പതു പരീക്ഷകൾ നടത്തി. സ്വയം തെരഞ്ഞെടുത്ത ഒരു വിഷയത്തിൽ ഗവേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. കോഴ്സിന്റെ ഫലമായി പല തദ്ദേശഭരണസ്ഥാപനങ്ങളിലും ഇടപെടലുകളുണ്ടായിയെന്നതും ശ്രദ്ധേയമായി. കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ്, എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ എം.ജി.കാളിദാസൻ, ഭാസ്കരൻ പള്ളിക്കര എന്നിവർ ആശംസകളർപ്പിച്ചു. ഗ്രാമപഞ്ചായത്തംഗങ്ങൾ, പ്രസിഡന്റുമാർ, നഗരസഭ കൗൺസിലർമാർ, എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. 32 പേരാണ് കോഴ്സിൽ പങ്കെടുത്തത്.

ചെറുപുഴ തണ്ണീർതട സംരക്ഷണപദ്ധതിക്കുള്ള കർമ്മപരിപാടി തയ്യാറാക്കാൻ കിലയിൽ സംഘടിപ്പിച്ച ശില്പശാല

ചെറുപുഴയെ സംരക്ഷിക്കാൻ കർമ്മപരിപാടി

കയ്യേററം മൂലം നീരൊഴുക്കു കുറഞ്ഞ് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയിലെ ചെറുപുഴയെ സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും കൂട്ടായ ശ്രമം തുടങ്ങി. കിലയുടെ സാങ്കേതിക സഹായത്തോടെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറുപുഴ തണ്ണീർതട സംരക്ഷണപദ്ധതിക്കുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്തു. ഇതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ശില്പശാലയിൽ പുഴസംരക്ഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഹരിതകേരളം മിഷൻ കൺസൽട്ടന്റ് പ്രൊഫ. പി.കെ.രവീന്ദ്രൻ സംസാരിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കോർഡിനേററർ എം.രേണുകുമാർ ശില്പശാലയ്ക്കു നേതൃത്വം നൽകി. സുരക്ഷിതമായ കുടിവെള്ളം, വൃത്തിയുള്ള മനോഹരമായ ചെറുപുഴ, നെൽകൃഷി വികസനം, വിനോദസഞ്ചാര പ്രോത്സാഹനം എന്നിവയാണ് ആദ്യഘട്ട പ്രവർത്തനത്തിലെ കർമ്മപരിപാടികൾ. തുടർപ്രവർത്തനങ്ങളും ശില്പശാല ആസൂത്രണം ചെയ്തു. കൃഷി, തൊഴിൽ സാദ്ധ്യതകൾ, വിനോദസഞ്ചാരം, പുഴസംരക്ഷണവും പുനരുജ്ജീവനവും, പ്രചാരണ ബോധവൽക്കരണ പ്രവർത്തനം, പിന്തുണാസംവിധാനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മൂന്നു ഗ്രൂപ്പുകളായിതിരിഞ്ഞ് ചർച്ച നടത്തി. കില എക്സ്റ്റൻഷൻ ഫാക്കൽറ്റി ബീന സണ്ണി ഗ്രൂപ്പു ചർച്ചകൾക്കു നേതൃത്വം വഹിച്ചു.

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ഏകദിന ശില്പശാല കിലയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **മേരി തോമസ്** ഉദ്ഘാടനം ചെയ്യുന്നു

ഹരിതകേരളം മിഷൻ:തദ്ദേശസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കു ഏകദിന ശില്പശാല

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ഏകദിന ശില്പശാല കിലയിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. മിഷന്റെ പ്രവർത്തനങ്ങൾക്കു ഉദ്യോഗസ്ഥരുടെ സഹകരണം അത്യാവശ്യമാണെന്നു ഉദ്ഘാടനപ്രസംഗത്തിൽ മേരി തോമസ് പറഞ്ഞു. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു മുൻഗണന നൽകണം. ജില്ലാപദ്ധതിയായ ജലരക്ഷ ജീവരക്ഷാ പദ്ധതിക്കു സർക്കാരിന്റെ അനുമതി ലഭിച്ചുകഴിഞ്ഞുവെന്നും അവർ അറിയിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ ഡോ.എം. സുരേഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി.എസ് ജയകുമാർ, ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ ടി. ആർ മായ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ ടി.എസ്.ശുഭ എന്നിവർ സംസാരിച്ചു.

ഹരിതകേരളം മിഷന്റെ പൊതുലക്ഷ്യങ്ങൾ, ഉപമിഷനുകളുടെ പ്രവർത്തനം, ജലസംരക്ഷണ ഉപമിഷൻ, ഗ്രീൻ പ്രോട്ടോകോൾ, ശുചിത്വ- മാലിന്യസംസ്കരണ ഉപമിഷൻ, കൃഷി ഉപമിഷൻ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഹരിതകേരളം റിസോഴ്സ് പേഴ്സൺമാരായ വി.എസ്. ഉണ്ണികൃഷ്ണൻ, സിബിൻ, തങ്കരാജ് എന്നിവർ ക്ലാസ്സെടുത്തു. ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർ, നഗരസഭകളിലേയും കോർപ്പറേഷനിലേയും ഹെൽത്ത് സൂപ്രണ്ടുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

കൗമാരക്ലബ്ബ് ലീഡർമാർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടിയിൽ
കില ഡയറക്ടർ **ഡോ.ജോയ് ഇളമൺ** സംസാരിക്കുന്നു

കൗമാരക്ലബ്ബ് ലീഡർമാർക്കു കിലയിൽ പരിശീലനം

പ്രാദേശികഭരണത്തെക്കുറിച്ച് മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിൽപെട്ട കൗമാരക്ലബ്ബ് ലീഡർമാർക്കുള്ള ഏകദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. അങ്കണവാടി തലത്തിൽ രൂപീകരിച്ച കൗമാരക്ലബ്ബുകളുടെപ്രതിനിധികളാണ് പരിശീലനത്തിൽ പങ്കെടുത്തത്. 98 ആൺകുട്ടികളും 98 പെൺകുട്ടികളും പങ്കെടുത്ത പരിശീലനപരിപാടിയിൽ അങ്കണവാടി ടീച്ചർമാരും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള ജനപ്രതിനിധികളും സംബന്ധിച്ചു.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കുട്ടികളും ഗ്രാമപഞ്ചായത്ത് സംവിധാനവും, കുട്ടികളുടെ അവകാശങ്ങൾ, കുട്ടികളുടെ ലിംഗനീതി- കൗമാരക്ലബ്ബുകളിലൂടെ, കുട്ടികളും സൈബർ ബോധനവും, പരിസ്ഥിതി- കലാ- സാംസ്കാരം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഡോ. കെ.പി.എൻ അമൃത, ഡോ.ബിനു, എം.ജി. കാളിദാസൻ, ഭാസ്കരൻ പള്ളിക്കര, എം. രേണുകുമാർ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.

കോർപ്പറേഷനുകളിലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനപരിപാടി നഗരകാര്യവകുപ്പ് ഡയറക്ടർ **ആർ.ഗിരിജ ഐ.എ.എസ്** ഉദ്ഘാടനം ചെയ്യുന്നു

ഉദ്യോഗസ്ഥർ ഉത്തരവാദിത്വം സമയബന്ധിതമായി നിർവഹിക്കണം: നഗരകാര്യവകുപ്പു ഡയറക്ടർ

ഉദ്യോഗസ്ഥർ തങ്ങളുടെ ഉത്തരവാദിത്വം സമയബന്ധിതമായി നിർവഹിക്കണമെന്നു നഗരകാര്യവകുപ്പ് ഡയറക്ടർ ആർ. ഗിരിജ ഐ.എ.എസ് ആവശ്യപ്പെട്ടു. കോർപ്പറേഷനുകളിലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്കുള്ള ഏകദിന പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഗുണഭോക്തൃലിസ്റ്റ് പലയിടത്തും ഇനിയും പൂർത്തിയാക്കാനായിട്ടില്ല. കശാപ്പുശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ ആധുനിക സംവിധാനം ഏർപ്പെടുത്തണമെന്നും അവർ നിർദ്ദേശിച്ചു. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി) അംഗം എസ്.ജമാൽ പരിശീലനപരിപാടി വിശദീകരിച്ചു. കൊല്ലം മേയർ ആർ. രാജേന്ദ്ര ബാബു, കണ്ണൂർ മേയർ ഇ.പി. ലത, കില ട്രെയിനിംഗ് അസോസിയേറ്റ് എ.എസ് പ്രതാപ് സിംഗ് എന്നിവർ സംസാരിച്ചു. നിർവഹണ ഉദ്യോഗസ്ഥർക്കു പുറമെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും പരിശീലനത്തിൽ പങ്കെടുത്തു.

ജില്ലാപദ്ധതി-സംയുക്ത സംയോജിത പദ്ധതികൾ, ഗുണമേന്മയുള്ള പ്രോജക്ട് നിർവഹണം, പ്രോജക്ട് നിർവഹണവും ഭൗതിക ലക്ഷ്യവും, സ്റ്റേറ്റ് ഓഡിറ്റ്, ഫയൽ മാനേജ്മെന്റ്, നിർവഹണപദ്ധതി തയ്യാറാക്കൽ എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫിസർ ടി.ആർ. മായ, എസ്.ജമാൽ, പി.എം. ദേവരാജൻ, കെ.വി.മൈക്കിൾ, പി.വി.പത്മനാഭൻ എന്നിവർ നേതൃത്വം നൽകി.

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**